**<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**<u>( ഹാജർ:പി.ബി.നൂഹ്,ഐ.എ.എസ്)</u>**

**തിരുവനന്തപുരം**

**ഉത്തരവ് നം ഇ1/22774/17** **തീയതി.1/03/18**

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) 31/03/2017 ലെ E9/39706/2016/DSJ(1) നമ്പർ സെലക്ട് ലിസ്റ്റ്
2) സാമൂഹ്യനീതി ഡയറക്ടറുടെ 13/06/17 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള ഒഴിവുകളിലേക്ക് ലോവർ ഡിപിസി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ രണ്ട് ഒഴിവുകളുണ്ട്. പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 6 വരെയുള്ള ജീവനക്കാർക്ക് പരാമർശം (2) ലെ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒന്നാം പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 7 ആയ ശ്രീ.പി.സുധീർകുമാർ (ജൂനിയർ സൂപ്രണ്ട്, ജില്ല സാമൂഹ്യ നീതി ഓഫീസ് കൊല്ലം) ക്രമനമ്പർ 8 ആയ ശ്രീ.പി.ശിവാനന്ദൻ (ജൂനിയർ സൂപ്രണ്ട്, ഐസിഡിഎസ്, മുതുകുളം അഡീഷണൽ) എന്നീ ജീവനക്കാർ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിയ്ക്കുവാൻ അർഹരാണ്.

ഈ സാഹചര്യത്തിൽ ഒന്നാം പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 7 ആയ ശ്രീ.പി.സുധീർകുമാർ (ജൂനിയർ സൂപ്രണ്ട്, ജില്ല സാമൂഹ്യ നീതി ഓഫീസ് കൊല്ലം) ക്രമ നമ്പർ 8 ആയ ശ്രീ.പി.ശിവാനന്ദൻ (ജൂനിയർ സൂപ്രണ്ട്, ഐസിഡിഎസ്, മുതുകുളം അഡീഷണൽ) എന്നീ ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ 36600-79200 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക, കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.പി.സുധീർകുമാർ ജൂനിയർസൂപ്രണ്ട്, ജില്ല സാമൂഹ്യ നീതി ഓഫീസ് കൊല്ലം | സീനിയർ സൂപ്രണ്ട് സാമൂഹ്യനീതി ഡയറക്ടറേറ്റ് | ശ്രീ.ബി.സാബു സീനിയർ സൂപ്രണ്ട് 28/02/2018 ൽ വിരമിക്കുന്ന ഒഴിവിൽ |
| 2 | ശ്രീ.പി.ശിവാനന്ദൻ ജൂനിയർസൂപ്രണ്ട്, ഐസിഡിഎസ്, മുതുകുളം അഡീഷണൽ | സീനിയർ സൂപ്രണ്ട്, ജില്ല സാമൂഹ്യ നീതി ഓഫീസ് വയനാട് | 31/03/2018 ൽ വിരമിക്കുന്ന ശ്രീ.എ.പി.അബ്ദുൾ കരീം 20/02/2018 മുതൽ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതു മുഖേന ഉണ്ടായ ഒഴിവിൽ |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച നടപടികൾ കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1) അക്കൗണ്ടന്റ് ജനറൽ,കേരള,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
2) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
4) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്